ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇക്കാര്യം പരിശോധിച്ചു വരുന്നു. നിലപാടൊന്നും സ്വീകരിച്ചിട്ടില്ല.

മത്സ്യഫെഡിൽ ജില്ലാതല കമ്മിറ്റികൾ

81 [89] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിന്റെ ജില്ലാതല കമ്മിറ്റികൾ ഏതെല്ലാം ജില്ലകളിൽ രൂപീകരിച്ചിട്ടുണ്ട്;

(ബി) രൂപീകരിക്കാത്ത ജില്ലകളിൽ ഇവ രൂപീകരിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(സി) മത്സ്യത്തൊഴിലാളി ഗ്രാമ സംഘ തലത്തിൽ ബോർഡ് രൂപീകരിക്കാത്ത ഏതെല്ലാം ജില്ലകളുണ്ടെന്നേ് വ്യക്തമാക്കുമോ;

(ഡി) ഉൾനാടൻ ഗ്രാമസംഘങ്ങളിൽ ബോർഡ് രൂപവൽക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ മത്സ്യഫെഡിന്റെ ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങളുടെ മരണ സമിതികൾ രൂപീകരിച്ചിട്ടുള്ള ജില്ലകളിൽ മാത്രമെ മത്സ്യഫെഡിന്റെ ജില്ലാ കമ്മിറ്റികൾ രൂപീകരിക്കാനാകുകയുള്ളൂ. മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങളുടെ മരണ സമിതികൾ സംഘടിപ്പിക്കുന്നതിന് നേരിടുന്ന കാലതാമസമാണ് ജില്ലാതല കമ്മിറ്റികളുടെ രൂപീകരണം വൈകുവാനുള്ള കാരണം.

(സി) ആലപ്പുഴ, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ മത്സ്യത്തൊഴിലാളി ഗ്രാമ സംഘങ്ങളുടെ ബോർഡുകൾ രൂപീകരിച്ചിട്ടില്ല.

(ഡി) ഉണ്ട്.

മത്സ്യത്തൊഴിലാളി സഹകരണ സ്ഥാപനങ്ങളുടെ ആസ്തി

82. [90] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി മേഖലയിൽ ലിക്വിഡേറ്റ് ചെയ്ത സഹകരണ സ്ഥാപനങ്ങളുടെ ആസ്തി ഏതു തരത്തിൽ വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സഹകരണ സംഘങ്ങളിലെ അംഗങ്ങൾ ഉൾക്കൊള്ളുന്ന ഇതര സ്ഥാപനങ്ങൾക്ക് സംഘങ്ങളിലെ ആസ്തി വിട്ടുകൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലിക്വിഡേറ്റ് ചെയ്ത സഹകരണ സംഘങ്ങളുടെ ആസ്തി സംഘത്തിന്റെ ബാദ്ധ്യതകൾ തീർക്കുന്നതിനായി വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ബാദ്ധ്യതകളെല്ലാം തീർത്തശേഷം ആസ്തിയിൽ എന്തെങ്കിലും അവശേഷിക്കുന്നുവെങ്കിൽ അവ സംഘത്തിന്റെ പൊതുയോഗ തീരുമാനപ്രകാരവും 1969—ലെ കേരള സഹകരണ നിയമവും ചട്ടവും അനുസരിച്ച് വിനിയോഗിക്കപ്പെടുന്നതാണ്.

(ബി) മുകളിൽ പ്രസ്താവിച്ചതുപോലെ അധിക ആസ്തി ഉണ്ടെങ്കിൽ പൊതുയോഗ തീരുമാനം അനുസരിച്ചും കേരള സഹകരണ നിയമവും, ചട്ടവും അനുസരിച്ചും മാത്രമെ നടപടി സ്വീകരിക്കാനാവൂ.

പെഴ്സീൻ വല ഉപയോഗിച്ചുള്ള മത്സ്യബന്ധനം

83 [91] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെഴ്സീൻ വല ഉപയോഗിച്ചുള്ള മത്സ്യബന്ധനം 22 കി. മീറ്ററിനപ്പുറത്ത് മാത്രമേ നടത്താവൂ എന്നുള്ള ഗവൺമെന്റ് ഉത്തരവ് ഹൈക്കോടതി 10 കി. മീറ്ററായി നിജപ്പെടുത്തിയത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനെതിരെ അപ്പീൽ സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സുപ്രീം കോടതിയിൽ അപ്പീൽ നൽകുവാൻ വേണ്ട നടപടികൾ ചെയ്തിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് വനിതാ സ്പെഷ്യൽ ബസ്സ്

84 [92] ശ്രീ. എൻ. ശക്തൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ തിരുവനന്തപുരം ജില്ലയിൽ മത്സ്യത്തൊഴിലാളികൾക്ക് എത്ര വനിതാ സ്പെഷ്യൽ ബസ്സ് ഉണ്ട്;

(ബി) വിഴിഞ്ഞം മുതൽ പൂവ്വാർ വരെയുള്ള തീരപ്രദേശത്ത് ഇന്നുള്ള ബസ്സുകൾ തീരെ അപര്യാപ്തമായതുകൊണ്ട് ഈ പ്രദേശത്തേക്ക് കൂടുതൽ ബസ്സുകൾ അനുവദിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly